7283
24/6/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സ്നേഹപൂർവ്വം പദ്ധതി - 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.371/2015/സാനീവ. തീയതി, തിരുവനന്തപുരം, 16.06.2015.

=====================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 10.04.2015 ലെ പി5/10361/2014/കെ.എസ്. എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

മാതാപിതാക്കൾ രണ്ടുപേരും അഥവാ ഇവരിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് സ്വന്തം ഭവനങ്ങളിൽ കുഞ്ഞുങ്ങളെ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിമാസം ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(11)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 13 കോടി രൂപ കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ T.S.B A/c No. 15146-ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സൂചന കത്ത് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും സ്നേഹപൂർവ്വം പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 13 കോടി രൂപ (പതിമൂന്ന് കോടി രൂപ മാത്രം) അനുവദിക്കുന്നതിനും ടി തുക 2235-60-200-72(11) (പി) ശീർഷകത്തിൽ നിന്നും പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ T.S.B A/c No. 15146-ൽ നിക്ഷേപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ